പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.1016

30.01.2019 -ലെ മറുപടിയ്ക്ക്

## സ്വകാര്യ ഇൻഷുറൻസ് മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സ്വകാര്യ ഇൻഷുറൻസ് മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; | എ) ഇല്ല. |
| ബി) അടിസ്ഥാന ശമ്പളം, ഇ.എസ്.ഐ., പിഎഫ്.ആനുകൂല്യങ്ങൾ എന്നിവ നൽകാതെ തുച്ഛമായ കമ്മീഷൻ വ്യവസ്ഥയിൽ അഭ്യസ്തവിദ്യരായ യുവാക്കളെ ജോലി ചെയ്യുവാൻ പ്രേരിപ്പിക്കുന്ന ഇത്തരം ഇൻഷുറൻസ് സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ? | ബി) തൊഴിൽ വകുപ്പിന്റെ പരിശോധന വിഭാഗം ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളിൽ മിനിമം വേതനം, ഇ.എസ്.ഐ, പി.എഫ് തുടങ്ങിയ ആനുകൂല്യങ്ങളും അവകാശങ്ങളും തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് അന്വേഷിക്കാറുണ്ട്. മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും, ഇ.എസ്.ഐ, പി.എഫ് ആനുകൂല്യങ്ങൾ ലഭ്യമാക്കാത്ത സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം അതത് വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നു. |

Sreelekha

**സെക്ഷൻ ഓഫീസർ**